# Malayala Manorama

# 18 August 2018

# Chengannur, Flood, Flood Victims, Flood Relief

## ചെങ്ങന്നൂരിൽ ആയിരങ്ങളുടെ ജീവൻ ആശങ്കയിൽ: എംഎൽഎ

**സൈന്യം ഉടൻ ഇറങ്ങണം; ഒരു ഹെലികോപ്റ്ററെങ്കിലും തരൂ എന്നും സജി ചെറിയാൻ**

**ചെങ്ങന്നൂർ ●** പ്രളയത്തിൽ അകപ്പെട്ട ആയിരക്കണക്കിനു പേരുടെ ജീവൻ ആശങ്കയിലാണെന്നു ചെങ്ങന്നൂർ എംഎൽഎ സജി ചെറിയാൻ.

ചെങ്ങന്നൂരിൽ രക്ഷാപ്രവർത്തനത്തിന് ഉടൻ സൈന്യം ഇറങ്ങണമെന്നും ഇല്ലെങ്കിൽ പതിനായിരങ്ങൾ മരിക്കുമെന്നും എംഎൽഎ പൊട്ടിത്തെറിച്ചു.

'കാലു പിടിച്ചു പറയുന്നു, ഒരു ഹെലികോപ്റ്ററെങ്കിലും തരൂ'- കേന്ദ്ര സർക്കാരിനോടു സജി ചെറിയാൻ അഭ്യർഥിച്ചു. 'ചെങ്ങന്നൂരിൽ സ്ഥിതി വളരെ ഗുരുതരമാണ്. ഒട്ടേറെപ്പേർ മരിച്ചു. അവരുടെ മൃതദേഹങ്ങൾ എടുക്കാൻ കഴിയുന്നില്ല. ഒരാളും സഹായിക്കാനില്ല. രാഷ്ട്രീയ ഇടപെടലിലൂടെ കുറച്ചു പാവപ്പെട്ട മത്സ്യത്തൊഴിലാളികളാണ് ബോട്ടുകളുമായി എത്തിയത്.

പാണ്ടനാടും മംഗലവുമൊക്കെ ഒറ്റപ്പെട്ടിരിക്കുന്നു. എനിക്കെന്തു ചെയ്യാൻ പറ്റും? അങ്ങോട്ടു പോകാൻ കഴിയുന്നില്ല. എന്റെ കാറും വെള്ളത്തിൽ പോയി. ഒരു രക്ഷയുമില്ല. സഹായിച്ചേ പറ്റൂ.

'അഞ്ചു ദിവസമായി സഹായം ചോദിക്കുന്നു. നാവികസേനയുടെ സഹായവും തേടി. കാലാവസ്ഥ മോശമാണെന്നായിരുന്നു മറുപടി. എവിടെയാണു കാലാവസ്ഥ മോശം? അപകടകരമായ സ്ഥിതിയാണ്. നിലയില്ലാത്ത വെള്ളത്തിൽ പതിനായിരങ്ങൾ കുടുങ്ങിയിരിക്കുന്നു. രക്ഷിക്കാൻ പോകുന്ന വള്ളങ്ങൾ അപകടത്തിൽപ്പെടുന്നു. ആകാശ മാർഗത്തിലൂടെ ആളുകളെ രക്ഷിക്കുകയേ വഴിയുള്ളൂ. ദയവായി സഹായിക്കണം. കാലു പിടിക്കാം'-സജി ചെറിയാൻ പറഞ്ഞു.